# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 175** **26.9.2011 ന് മറുപടിയ്ക്ക്**

### നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

ചോദ്യം | ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ.റ്റി.എം.ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) നിത്യോപയോഗ സാധനങ്ങൾക്ക് ക്രമാതീതമായി വിലക്കയറ്റം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നിത്യോ പയോഗ സാധനങ്ങൾക്ക് ക്രമാതീതമായി വിലക്കയറ്റം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി)വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി)വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ മാർക്കിറ്റടപെടൽ പദ്ധതി തന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തലത്തിൽ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതനുസരിച്ച്<br>1. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതു വിപണിയെക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.<br>2. പ്രാദേശികമായി ജനങ്ങൾക്ക് താല്പര്യമുള്ള വിവിധ ഇനം അരി(മട്ട, ബോധന, പച്ചരി)ക്ക് കി.ഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.<br>3. കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് വിതരണം ചെയ്യുന്നുണ്ട്.<br>4. ശാസ്ത്രീയമായ സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുക വഴി എല്ലാ വിൽപ്പന ശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് |

ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

5. ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുക വഴി പൊതുവിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.
6. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതു വഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.
7. ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.
8. എ.ആർ.ഡി, ശബരി സ്റ്റോറുകൾ, തീര മൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. മേൽപ്പറഞ്ഞ നടപടികൾ വഴി കോർപ്പറേഷന്റെ വിപണിവിഹിതം വർദ്ധിക്കുകയും അതുവഴി പൊതു വിപണി വില നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.
9. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP യെക്കാളും ശരാശരി 10 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.
10. പൊതു വിപണിയിലേതിനെക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൌഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി, എന്നിവ "ശബരി" എന്ന പേരിൽ

വിപണിയിൽ വിൽപ്പന നടത്തുന്നു.

11. ഉത്സവ കാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവ കാല ചന്തകൾ നടത്തി വരുന്നു. ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഓണചന്തകൾ/ഫെയറുകൾ ഉണ്ടായിരുന്നു.
12. പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിലേയ്ക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റിലും പീപ്പിൾസ് ബസാറിലും എല്ലായിനം പച്ചക്കറികളും പൊതു വിപണി വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തി വരുന്നു.
13. പൊതുവിപണിയിൽ കരിഞ്ചന്ത, പൂഴ്ത്തി വയ്പ് എന്നിവ തടയുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് താലൂക്ക്/ജില്ലാ തലങ്ങളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് കുറ്റക്കാർക്കെതിരെ 1955 ലെ Essential Commodities Act പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നു.

സംസ്ഥാനത്തിന്റെ ആഭ്യന്തര വിപണിയിൽ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കാനുള്ള പ്രവണതകൾക്കെതിരെ സിവിൽ സപ്ലൈസ് വകുപ്പ് ജാഗ്രത പുലർത്തി വരുന്നു.

സെക്ഷൻ ഓഫീസർ